# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 7402** **17.7.2012-ൽ മറുപടിക്ക്**

**മാലിന്യ നിർമ്മാർജ്ജനത്തിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. കെ. അജിത് | | ശ്രീ.മഞ്ഞളാംകുഴി അലി (നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| എ) | സംസ്ഥാനത്ത് മാലിന്യ നിർമ്മാർജ്ജനത്തിനായി അടിയന്തിരമായി എന്തു നടപടികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത് ; | എ) & ബി) | 1994-ലെ പഞ്ചായത്ത് രാജ് നിയമവും, നഗരപാലിക നിയമവും അനുസരിച്ച് ശുചീകരണവും മാലിന്യ നിർമ്മാർജ്ജനവും അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ അധികാരപരിധിയിൽ വരുന്നതാണ്. ഇതു കാര്യക്ഷമമായി നിർവ്വഹിക്കുന്നതിലേക്കായി പ്ലാന്റുകളില്ലാത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ മാലിന്യ സംസ്ക്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനും, നിലവിലുള്ള പ്ലാന്റുകൾ കുറ്റമറ്റതാക്കുന്നതിനും ആവശ്യമായ പദ്ധതികൾ തയ്യാറാക്കാനുള്ള സാങ്കേതിക സഹായവും സർക്കാരിൽ നിന്നുള്ള സാമ്പത്തിക സഹായവും പ്രോജക്ട് നൽകുന്ന മുറയ്ക്ക് ശുചിത്വ മിഷൻ വഴി നൽകിവരുന്നു. കൂടാതെ ഈ മേഖലയിൽ ജനങ്ങളെ കൂടുതൽ ബോധവൽക്കരിക്കുന്നതിന് 2011 ഒക്ടോബർ 2 മുതൽ ഒരു വർഷക്കാലം നീണ്ടു നില്ക്കുന്ന "ശുചിത്വ കേരളം" പദ്ധതി നടപ്പിലാക്കി വരുന്നു. മഴക്കാലപൂർവ്വ ശുചീകരണത്തിന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ ഓരോ വാർഡിനും ശുചീകരണ പ്രവർത്തനത്തിനായി ഈ വർഷം 25,000/- രൂപ വീതം സർക്കാരിൽ നിന്നും നൽകിയിട്ടുണ്ട്. മഴക്കാലപൂർവ്വ ശുചീകരണത്തിന്റെ ഭാഗമായി തോടുകളും ഓടകളും ഒഴിഞ്ഞ സ്ഥലങ്ങളിലും മറ്റു മാലിന്യം തള്ളിയിട്ടുള്ളത് നീക്കം ചെയ്യാനും ശുചീകരണത്തിനും പ്രാധാന്യം നൽകി നടപടികൾ കൈക്കൊള്ളാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അവർ ആയത് നടപ്പിലാക്കി വരുന്നു. |
| ബി) | മഴക്കാല രോഗ പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി മാലിന്യ നിർമ്മാർജ്ജനം ഉറപ്പു വരുത്തിയിട്ടുണ്ടോ ; | | |
| സി) | മാലിന്യത്തിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനുള്ള പദ്ധതി ഗവൺമെന്റ് ആവിഷ്ക്കരിക്കുമോ ; | സി) | നടപടി സ്വീകരിച്ചു വരുന്നു. |
| ഡി) | ഇത്തരത്തിൽ പദ്ധതി ആവിഷ്ക്കരിക്കുകയാണെങ്കിൽ സംസ്ഥാനത്തെ വൈദ്യുതി ക്ഷാമത്തിന് ഒരു പരിഹാരം ഉണ്ടാക്കുവാനാകുമോ എന്ന് പരിശോധിച്ചിട്ടുണ്ടോ ? | ഡി) | ഇപ്രകാരം വൈദ്യുതി ഉൽപാദിപ്പിക്കുകയാണെങ്കിൽ ഒരു പരിധിവരെ വൈദ്യുതി ക്ഷാമത്തിന് പരിഹാരം ആകുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ